**പതിമൂന്നാം കേരള നിയമസഭ**

**ആറാം സമ്മേളനം**

**20/12/2012 -ൽ മറുപടിക്ക്**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2933**

# സ്കൂൾ സർട്ടിഫിക്കറ്റുകളിലെ തെറ്റുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. തിലോത്തമൻ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) |
| (എ) വിദ്യാലയങ്ങളിലെ ക്ലറിക്കൽ അനാസ്ഥകൊണ്ട് സ്കൂൾ സർട്ടിഫിക്കറ്റുകളിൽ നിരവധി തെറ്റുകൾ കടന്നു കൂടുകയും പിന്നീട് രക്ഷിതാക്കളും വിദ്യാർത്ഥികളും ഇതുമൂലം ബുദ്ധിമുട്ടുകയും ചെയ്യുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; ഇത്തരം തെറ്റുകൾ ഉണ്ടാകാതിരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്കൂൾ തലത്തിൽ എസ്.എസ്.എൽ.സി. പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുന്ന കുട്ടികളുടെ ബയോഡേറ്റ തയ്യാറാക്കുന്നതിനെക്കുറിച്ച് ഹെഡ്മാസ്റ്റർമാർക്ക് പ്രത്യേക ക്ലാസ് നൽകുന്നുണ്ട്. തയ്യാറാക്കുന്ന ലിസ്റ്റ് പരീക്ഷാഭവനിലേയ്ക്ക് സമർപ്പിച്ചശേഷം ഒരിക്കൽ കൂടി പരിശോധിച്ച് എന്തെങ്കിലും തിരുത്തലുകൾ ആവശ്യമുണ്ടെങ്കിൽ അത് നടത്തുന്നതിന് ഇപ്പോൾ അവസരം നല്കുന്നുണ്ട്. |
| (ബി) സ്കൂൾ സർട്ടിഫിക്കറ്റുകളിലെ തെറ്റുകൾ കുറയ്ക്കുന്നതിനും ഉണ്ടായവ സങ്കീർണ്ണതകളും ബുദ്ധിമുട്ടുകളും ഇല്ലാതെ പരിഹരിക്കുന്നതിനും കമ്പ്യൂട്ടർ നെറ്റ് വർക്ക് സമ്പ്രദായം ഉപയോഗിക്കാൻ നടപടി സ്വീകരിക്കുമോ ? | (ബി) ഈ വർഷം പത്താം ക്ലാസ്സിൽ പഠിച്ചുകൊണ്ടിരിക്കുന്ന കുട്ടികളുടെ ബയോഡേറ്റ പരീക്ഷാഭവനിലേയ്ക്ക് സമർപ്പിച്ചിരിക്കുന്നത് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും തെറ്റുകൾ ഉണ്ടോ എന്ന് പരിശോധിക്കാൻ ഹെഡ്മാസ്റ്റർമാർക്ക് ഒരു അവസരം കൂടി നൽകുകയും ചെയ്യുന്നുണ്ട്. എന്തെങ്കിലും തെറ്റുകൾ കടന്നു കൂടിയിട്ടുണ്ടെങ്കിൽ അത് online-ൽ തന്നെ പരിഹരിക്കുന്നതിനുള്ള സംവിധാനവും ഇപ്പോൾ ഒരുക്കിയിട്ടുണ്ട്.<br>മുൻകാലങ്ങളിൽ നൽകിയ സർട്ടിഫിക്കറ്റുകളിലെ അപാകതകൾ പരിഹരിക്കുന്നതിനായി അപേക്ഷകൾ online-ൽ സമർപ്പിക്കുന്നതിനുള്ള സജ്ജീകരണവും ഉടൻ ഏർപ്പെടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ